രീതി: വാഴ്ത്തിടുമേ വാഴ്ത്തി

കാണാമിനി കാണാമിനി -എന്നാനന്ദമാം
എന്നേശുവിനെ കാണും ഞാനിനി

1 ആണിയെനിക്കായ് തുളച്ച തന്നിരു പാണികൾ മുത്തിടുവാൻ
കണ്ണീരെനിക്കായ് ഒലിച്ച നിൻമുഖം കണ്ടു നിന്നീടുവാൻ
കാത്തു കാത്തു പാർത്തിടുന്നു ഞാൻ
കാന്താ വരുവാൻ കാലമാകുമോ!

2 വീഴ്ചഫലമാം ശാപം തന്റെ വാഴ്ചയിൽ തീർന്നിടുമേ
താഴ്ചയുള്ളെൻ ദേഹമെന്നു തീർച്ചയായ് മാറും
കാത്തു കാത്തു പാർത്തിടുന്നു ഞാൻ
കാന്താ വരുവാൻ കാലമാകുമോ!

3 ഇന്നു മന്നിൽ പാർക്കും നാൾകൾ എന്നും ഖിന്നതയാം
വന്നു പരമൻ പുതിയ വീട്ടിൽ എന്നു ചേർത്തിടുമോ
കാത്തു കാത്തു പാർത്തിടുന്നു ഞാൻ
കാന്താ വരുവാൻ കാലമാകുമോ!